ത്തിയും പുതിയ ക്ലാസ് ഡിവിഷനുകൾ സൃഷ്ടിക്കുകയോ നിലനിൽക്കുകയോ ചെയ്തിട്ടുള്ള എത്ര കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഇതുമൂലം സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്ര; ഉത്തരവാദികൾ ആരെല്ലാം;

(ഡി) ഇത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ഇ) കഴിഞ്ഞ വിദ്യാഭ്യാസ വർഷം സൂപ്പർ ചെക്ക് സെൽ എത്ര സ്കൂളുകളിൽ പരിശോധന നടത്തി; എത്ര ക്ലാസ് ഡിവിഷനുകൾ നിർത്തലാക്കി;

(എഫ്) ഇതുമൂലം എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടമായി എന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ) 17 കേസുകൾ

(ബി) 9 കേസുകളിൽ അനധികൃതമായി ഉണ്ടാക്കിയ ഡിവിഷനുകൾ കുറവ് ചെയ്ത് അതിന്മേൽ നടത്തിയ അദ്ധ്യാപക നിയമനങ്ങളും അസാധുവാക്കിയിട്ടുണ്ട്. ബാക്കി 8 കേസുകളിൽ സ്കൂൾ അധികൃതരുടെ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) സാമ്പത്തിക നഷ്ടം കണക്കാക്കി വരുന്നു. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാരും, വിദ്യാഭ്യാസ ഓഫീസർമാരുമാണ് ഉത്തരവാദികൾ.

(ഡി) ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുംവേണ്ടി തിരുവനന്തപുരവും കോഴിക്കോടും ആസ്ഥാനമായി ഓരോ സൂപ്പർ ചെക്ക് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു.

(ഇ) കഴിഞ്ഞ അദ്ധ്യയന വർഷം സൂപ്പർ ചെക്ക് സെൽ 51 സ്കൂളുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. 17 ക്ലാസ് ഡിവിഷനുകൾ കുറവ് ചെയ്തിട്ടുണ്ട്.

(എഫ്) 17 ഡിവിഷനുകൾ കുറച്ച് ഉത്തരവ് നൽകിയതുമൂലം 17 അദ്ധ്യാപകരുടെ ജോലി നഷ്ടമായിട്ടുണ്ട്.

33 (2411) സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എൽ.പി/യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ എന്നത് അറിയിക്കുമോ;

(സി) ചടയമംഗലം വിദ്യാഭ്യാസ ഉപജില്ലയിലെ ചരിപ്പറമ്പ് ഗവ.യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ),(ബി)&(സി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

34 (2412) ഓപ്പൺ സ്കൂൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി മാതൃകയിൽ ഓപ്പൺ സ്കൂൾ സംപ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം.100/99/പൊ.വി. പ്രകാരം നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഓപ്പൺ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ എസ്.സി.ഇ.ആർ.റ്റി.യുടെ കീഴിൽ ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 10 ലക്ഷം രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കി പരിശോധിച്ചു വരികയാണ്.

35 (2413) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സമീപന രേഖ തയ്യാറാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ച ഒരു വർക്ക്ഷോപ്പ് മുഖേന പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമീപന രേഖയുടെ കരട് രേഖ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കരട് രേഖയിൽ ഉദ്ദേശിക്കുന്നത് കുട്ടികളുടെ ഇന്ദ്രിയശേഷിയുടെ വികസനം തൊട്ടും, രുചിച്ചും, മണത്തും, കേട്ടും, കണ്ടും പരിസ്ഥിതി മനസ്സിലാക്കുക.

330/2010.

LIBRARY ARCHIVES Kerala Legislative Assembly